**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** — **08-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | 2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. "പണപ്പെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025 -26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ആയത് പ്രകാരം ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന പ്രകാരം സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ കുടിശ്ശിക കൂടിയാണ് ഇനി അനുവദിക്കാനുള്ളത്. ടി കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിതം ഓരോ ഇനത്തിലും എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>അനുബന്ധം 1 |

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) |
|---|---|---|---|

<table>
<tr><td></td><td></td><td></td><td>
<table>
<tr><td rowspan="2">ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</td><td>പ്രായം 60 മുതൽ 79 വയസ്സ് വരെ</td><td>1400</td><td>200</td></tr>
<tr><td>പ്രായം 80 വയസ്സും അതിനു മുകളിലും</td><td>1100</td><td>500</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ</td><td>അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ )</td><td>1300</td><td>300</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ</td><td>40 വയസ്സും അതിനു മുകളിലും</td><td>1300</td><td>300</td></tr>
<tr><td>കർഷക തൊഴിലാളി പെൻഷൻ</td><td></td><td>1600</td><td>0</td></tr>
<tr><td>50 വയസ്സ കഴിഞ്ഞ അവിവാഹിത പെൻഷൻ</td><td></td><td>1600</td><td>0</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പ്രസ്തുത കേന്ദ്രവിഹിതത്തിന്റെ എത്ര മാസത്തെ കുടിശ്ശിക സംസ്ഥാന സർക്കാറിന് ലഭിക്കാനുണ്ട്; വ്യക്തമാക്കാമോ?</td><td>(സി)</td><td>2023-24 സാമ്പത്തിക വർഷത്തെ രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 രണ്ടാം പാദം (2024 സെപ്റ്റംബർ) വരെയുള്ള 15 മാസത്തെ കുടിശ്ശികയായ 375.57 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കാനുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ